ലിറ്റിൽ കൈറ്റ്സ് മാഗസിൻ 2024

# തൂലിക



## എം ഐ എച്ച്എസ്
## പൂക്കാവ്

# ആശംസ



അനിമേഷൻ, പ്രോഗ്രാമിംഗ് , മൊബൈൽ ആപ്പ് തുടങ്ങി നിരവധി മേഖലകളിൽ സാങ്കേതികമായ വളർച്ച നേടുന്നതിനൊപ്പം തന്നെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സാഹിത്യ - കലാ വാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വളരെ മികച്ച രീതിയിൽ നടന്നു വരുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം . വാക്കുകളായും വരകളായും ഇവിടെ രേഖപ്പെട്ടതെല്ലാം ഓരോ അടയാളപ്പെടുത്തലുകളാണ്.......മികച്ച ഭാവന ശേഷിയുള്ള ഒരു പുതുതലമുറയുടെ ........എല്ലാവിധ ആശംസകളും ...

# ഹൈസ്കൂൾ വിഭാഗം

| | |
|---|---|
| സ്കൂൾ മാനേജർ | സിസ്റ്റർ വിൻസി ഫിലിപ്പ് |
| ഹെഡ്മിസ്ട്രസ് | സിസ്റ്റർ ഷിജി ജോസ് |
| പി.ടി.എ. പ്രസിഡണ്ട് | ജയൻ തോമസ് |
| എം.പി.ടി.എ. പ്രസിഡണ്ട് | സുമി റോബിൻ |
| ആൺകുട്ടികൾ | 586 |
| പെൺകുട്ടികൾ | 487 |

# അണിയറയിൽ



അനിമോൾ കെ എൻ
ചീഫ് എഡിറ്റർ



ലിൻസി ജോർജ്
കൈറ്റ് മിസ്ട്രസ്



ജോജോ ജോൺ
കൈറ്റ് മാസ്റ്റർ



ഗോവിന്ദ് പി
സ്റ്റുഡന്റ് എഡിറ്റർ



ശിവബാല
സ്റ്റുഡന്റ് എഡിറ്റർ



അഭിമന്യു
സ്റ്റുഡന്റ് എഡിറ്റർ



അനഘ
സ്റ്റുഡന്റ് എഡിറ്റർ



ദേവപ്രിയ
സ്റ്റുഡന്റ് എഡിറ്റർ

# ഉള്ളടക്കം

ചരിത്രം......................................................................1
മഴ..........................................3
അമ്മ മലയാളം ................................4
Freedom Fest Gallery ..............................5
പൂമ്പാറ്റ ..................................................................6
എന്റെ കുഞ്ഞികുട ..................................................7
പൂമ്പാറ്റ ..................................................................8
സ്വർഗ്ഗീയ ജീവിതം .............................................9
മഴക്കാലം ...........................................................10
സൂര്യകാന്തി പൂവേ .............................................11
അമ്മ.......................................................................12
മഴ ...........................................................................13
കേരളം .....................................................................14
'അമ്മ .......................................................................15
അച്ഛൻ .....................................................................15
ഉണ്ണിക്കുട്ടന്റെ സഞ്ചാരം ....................................16
എന്റെ വിദ്യാലയം ...............................................20
മലയാള ഭാഷ .........................................................21
മഴ ...........................................................................22




**ചരിത്രം**

ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് മേരി ഇമ്മാകുലേറ്റ് ഹൈസ്കൂൾ. പൂങ്കാവ് സ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.

സാംസ്കാരിക സാമ്പത്തിക സാമൂഹ്യ സാഹോദര്യ സമ്പന്നതയുടെ എല്ലാം അടിസ്ഥാന ഘടകം വിദ്യയാണ്. ഇത് അക്ഷരാർത്ഥത്തിൽ തെളിയിച്ചിരിക്കുന്ന പൂങ്കാവ് മേരി ഇമ്മാകുലേറ്റ് ഹൈസ്കൂൾ. 1983 ൽ പൂങ്കാവിന്റെ ഒരു ചിരകാല സ്വപ്നം സാക്ഷാത്കരിച്ചു കൊണ്ട് ഇടവകയ്ക്ക് ഒരു എയ്ഡഡ് ഹൈസ്കൂൾ വർഷം അനുവദിച്ചു കിട്ടി.

ഇടവകയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമുഹത്തെ സ്കൂൾ നടത്തിപ്പിന്റെ ചുമതല ഏൽപ്പിക്കാൻ ഇടവക പൊതുയോഗം ഏകപക്ഷീയമായി തീരുമാനിച്ചു. തുടർന്ന് പൊതുയോഗം നിശ്ചയിച്ച ഒരു പ്രതിനിധി സംഘം അന്നത്തെ ഇടവക വികാരിയായിരുന്ന റവ: ഫാ: വിക്ടർ മാരാപറമ്പിലിന്റെ നേതൃത്വത്തിൽ മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ ബിഷപ്പ് ലൂയിസ് എൽ. ആർ മോറോയെ പശ്ചിമ ബംഗാൾ സംസ്ഥാനത്തെ കൃഷ്ണഗറിലെത്തി കണ്ട്, സ്കൂൾ നടത്തിപ്പ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചു. കൊച്ചി രൂപതയുടെ അന്നത്തെ അധ്യക്ഷനായിരുന്ന അഭിവന്ദ്യ ഡോ: ജോസഫ് കുരീത്തറയുടെ പ്രത്യേക അഭ്യർത്ഥനയും ഉണ്ടായി. ബിഷപ്പ് മോറോ പൂങ്കാവിലേക്ക് എത്തി, അഭ്യർത്ഥനകൾ സസന്തോഷം സ്വീകരിച്ചു.

സ്കൂൾ നടത്തിപ്പ് മേരി ഇമ്മാക്കുലേറ്റ് സന്യാസിനി സമൂഹത്തിന്റെ കരങ്ങളിലെത്തി. സർവ്വഥാ ശോച്യാവസ്ഥയിൽ കിടന്ന ഈ നാടിന്റെ ചിരകാല സ്വപ്നത്തിന് മജ്ജയും മാംസവും നൽകാൻ സർവാത്മനാ സന്നദ്ധരായിക്കൊണ്ട് മേരിഇമ്മാകുലേറ്റ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 1983 ജൂൺ 15ന് സ്കൂൾ പ്രവർത്തനം തുടങ്ങി.





പൂങ്കാവ് കന്യകാമഠത്തോട് ചേർന്ന ഭാഗത്ത്, പൂങ്കാവിന്റെ അതി വിശാലമായ പള്ളി മൈതാനത്തിന്റെ തെക്കേ അതിര് കുറിക്കുന്ന പൂങ്കാവ് റോഡിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന പൂങ്കാവ് പാരിഷ് ഹാളിൽ താത്കാലിക സ്കൂൾ സംവിധാനം അതിവേഗം ഒരുങ്ങി. റവ: സിസ്റ്റർ എൽസ വാരപ്പടവിൽ പ്രഥമ പ്രധാനാധ്യാപികയായി ചുമതലയേറ്റു.



സിസ്റ്റർ ജോസിറ്റ കാട്ടിക്കോലത്ത്, അന്നത്തെ ഇമ്മാക്കുലേറ്റ് കോൺവെന്റ് സുപ്പീരിയർ എന്ന നിലയിൽ സ്കൂൾ മാനേജർ ആയി

പാരിഷ് ഹാളിൽ എട്ടാം സ്റ്റാൻഡേർഡിന്റെ മൂന്ന് ഡിവിഷനുകൾ ക്രമപ്പെടുത്തി. നൂറ്റിമുപ്പത്തിയൊന്നു വിദ്യാർഥികളുമായി 1983 ജൂൺ 15 ന് പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. നാടിന്റെ വിദ്യാഭ്യാസപരവും, ഒപ്പം ആത്മീയവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ വളർച്ചയ്ക്ക് അത് നിദാനമായി. പൂങ്കാവ് ഹൈ സ്കൂളിന്റെ ആവശ്യത്തിലേക്ക്, പൂങ്കാവ് ഇടവക വക വസ്തുവകകളിൽനിന്ന് മൂന്നേക്കർ സ്ഥലം സംഭാവന ചെയ്തു. ആ സ്ഥലത്ത് 1984 മെയ് പത്തിന്, കൊച്ചി മെത്രാൻ അഭിവന്ദ്യ ഡോ: ജോസഫ് കുരീത്തറ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു.

പുതിയ സ്കൂൾ കെട്ടിടം അതിവേഗം രൂപപ്പെട്ടു. പാരിഷ് ഹാളിൽ നിന്ന് പുതിയ കെട്ടിടത്തിലേക്ക്, 1985 ജൂലായ് ആറിനു സ്കൂൾ പ്രവർത്തനം മാറ്റി ആരംഭിച്ചു. തുടക്കം മുതലുള്ള അക്ഷീണ പരിശ്രമങ്ങളുടെയും നിരന്തര ജാഗ്രതയുടെയും ഫലം 1986 മാർച്ചിൽ എസ്.എസ്.എൽ.സി എഴുതിയ ആദ്യബാച്ച് മുതലേ കണ്ടു തുടങ്ങി.97% വിജയം ഈ പിന്നാക്ക മേഖലയിലെ കുട്ടികൾക്ക് നേടാനായി.

985 മുതൽ ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ, ഐ.റ്റി മേളകളിലും കലാ കായിക സാഹിത്യ മത്സരങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കിക്കൊണ്ട് സംസ്ഥാന തലത്തിൽ ശ്രദ്ധ പിടിച്ചു പറ്റാൻ സ്കൂളിന് കഴിഞ്ഞിരിക്കുന്നു. ഈ കാലയളവുകൊണ്ട് ഈ നാട് കൈവരിച്ചിരിക്കുന്ന സർവതോന്മുഖമായ വികസനത്തിൽ നിന്ന് ഈ പുണ്യ ക്ഷേത്രം നേടിയ വിജയങ്ങളുടെ ഫലം എത്ര ദൂരവ്യാപകമായിരിക്കുന്നു എന്ന് നാടിനെ അറിഞ്ഞ ഏവർക്കും ബോദ്ധ്യമാകും.

2008-ൽ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സ്കൂൾ വെബ് സൈറ്റ്http://www.mihs.in നിലവിൽ വന്നു. 2009-ൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിച്ചു.






# മഴ

ഇടവപ്പാതിയിലാകാശത്തിൽ
ഇടിയും മഴയും വന്നപ്പോൾ
മധുരതേൻ കനി
പോലെ തവളകൾ തുള്ളി
ച്ചാടി രസിച്ചു നടപ്പൂ
വാർമഴവില്ലിൻ ഭംഗിയിലിൽ
നൃത്തം ചെയ്യും മഴിലുകളും
ആകാശത്തിൻ കീഴേ മഴയുടെ
ഇടിയുടെ പൂരം പൊടി പൂരം

by
Aadhya M

# അമ്മ മലയാളം

അമ്മ മലയാളം
നമ്മ മലയാളം
അമ്മ ചൊല്ലിത്തന്ന
പുണ്യ മലയാളം
അമ്മിഞ്ഞപ്പാലിൻ
വെണ്മ മലയാളം
അമ്മ നാടോതുന്ന
ഭാഷ മലയാളം



Antony Bennychan

# FREEDOM FEST
# GALLERY
















# പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
എവിടേക്ക് നീ പോകുന്നു.....
തേൻ നുകരാൻ പോകുന്നു
ഞാനും കൂടി വരട്ടെ
പാറി പാറി വന്നാട്ടെ.........
തേൻ കുടിക്കാൻ നല്ല രുചി......

Shivabala.S



# എന്റെ കുഞ്ഞി കുട

അച്ഛൻ വാങ്ങി തന്ന കുട എനിക്ക് ഏറെ ഇഷ്ടം ഈ കുഞ്ഞിക്കുട അമ്മ തുറന്നു തരുന്ന കുട എന്റെ കൂടെ നടക്കും വർണ്ണക്കുട മുറ്റത്തെ മഴയിൽ നനയാത്ത കുട വെയിലേറ്റൊന്നു വാടാതെ പീലി വിടർത്തു നിന്ന് എന്നും എന്നെ കാത്തു രക്ഷിക്കും മുത്തുക്കുട അങ്കണമുറ്റത്ത് അടിച്ച കാറ്റിൽ അവൻ എന്നെ പിരിഞ്ഞു പറന്നുപോയി ഓടി എത്തിയ ടീച്ചർ അമ്മ എന്റെ കുഞ്ഞിക്കുട യെ തിരികെ നൽകി.



NILA P

# പൂമ്പാറ്റ

പൂന്തേനുണ്ണും പമ്പാറ്റ
പല നിറങ്ങളിൽ പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
ചന്തമുള്ളൊരു പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ
വാനിൽ പാറും പൂമ്പാറ്റ
കൊച്ചു സുന്ദരി പൂമ്പാറ്റ

By
Anagha. A

# സ്വർഗീയ ജീവിതം

ജീവിതമാം
സംഘർഷ നൗകയിൽ
യാത്ര ചെയ്യുമീ മന്നന്റെ
മാനതാരിൽ തൻ
തൂലിക കൊണ്ട് എഴുതി
ചേർക്കും പോൽ
നിലനിൽക്കുമീ
വസന്തമാം അനുഗ്രഹീത
കാലത്തിൽ കുളിർമയാം
തെന്നൽ വീശും
അവസ്മരണീയ
ഓർമ്മകളിൽ........
ദൈനം ദിന
ജീവിതത്തിൽ ദൈന്യം
നീളും വേളയിൽ ഹൃദയ
വാദിലിൻ ഉൾ തടത്തിൽ
മുറിവുകൾ തൻ
പോറൽ പതിക്കും
നിമിഷങ്ങളിൽ
സൗഖ്യം ഏറും ഔഷദം
പോൽ സാന്ത്വനം ഏകം
ഈ സ്വർഗീയ
ജീവിതം.

By: Amjith C Jimmy

# മഴക്കാലം

കാർമേഘങ്ങൾ തമ്മിൽ
പറഞ്ഞു
നമുക്കിതാ താഴോട്ടിറങ്ങുവാൻ
സമയമായി...
ഭൂമി നമ്മെ തലോടാൻ
വിളിക്കുന്നു,
മരങ്ങൾ പരസ്പരം തളിരിടാൻ
വിളിക്കുന്നു.
പോകുവാൻ സമയമായ്
മണ്ണിൻ മടിയിലേക്ക്
കൂട്ട് നിൽക്കുന്ന
നക്ഷത്രങ്ങളെ വിട്ട്

Aadhya , 9D

# സൂര്യകാന്തിപ്പൂവേ......

സൂര്യകാന്തിപ്പൂവേ നിന്റെ
സൗന്ദര്യം പകർത്താരോ
ചൊല്ലുമൊ ചെല്ലുമോ നീ എന്നോടു
നിന്നുടെ ചൈതന്യരൂപം വരച്ചതാരോ
വരച്ചതാരോ.....
സൂര്യകാന്തിപ്പൂവേ സൂര്യകാന്തിപ്പൂവേ
ചെല്ലുമാ നീ.....

By
Devapriya Pv

# അമ്മ



കണ്ണായിരുന്നമ്മ പിന്നീട് കണ്ണിലെ
കരടായി മാറി
മുലപ്പാലിന്റെയും മാറിലെ ചൂടിന്റെയും
ലാളനയുടേയും കടം വീട്ടിയങ്ങയച്ചു
വൃദ്ധ സദനമെന്ന പുരാവസ്തു
കേന്ദ്രത്തിലേക്ക്
കണ്ണും പിന്നീട് കണ്ണിലെ
കരടുമായമ്മയുടെ കണ്ണിലേക്ക്
മരണമിരച്ച് കയറുമ്പോഴുമാ
പുരാവസ്തു വിന്റെ
കണ്ണുകൾ തേടുന്നു മനുഷ്യത്വമില്ലാത്ത
പൊന്നോമനകളെ...

Vijay Madhav, 9F



# മഴ

മഴ എന്ന അത്ഭുതം എവിടെ നിന്ന്
മേഘത്തിന്റെ മടിത്തട്ടിൽ ആണോ
നിൻ വീട്
ഭ്രമി തൻ ദാഹം തീർക്കാൻ നീ
നിന്നെ തന്നെ നല്കീടുന്നോ
ഇത്ര മേൽ നീ ഭ്രമിയെ സ്നേഹിക്കാൻ
ഭ്രമി നിൻ മാതാവോ പ്രാണസഖിയോ
നീ തൊടുമ്പോൾ കുളിരണിയുന്നീ പ്രകൃതി
നീ തലോടുമ്പോൾ ഉണരുന്നൊരീ
മണ്ണും ചരാചരങ്ങളും
മഴയെ നീയൊരു അത്ഭുതം തന്നെ
വിസ്മയം തന്നെ



Tom Elias Cruz, 9C



# കേരളം

അമ്മയാണ് കേരളം
ഉണ്മയാണ് കേരളം
നന്മയാണ് കേരളം
നാം പിറന്ന കേരളം
മലകളുള്ള കേരളം
പുഴകളുള്ള കേരളം
മലർവിരിഞ്ഞ കേരളം
മധു നിറഞ്ഞ കേരളം
കടൽ തഴുകും കേരളം
കരൾ കവരും കേരളം
കവിത പാടും കേരളം
കളികളാടും കേരളം



Antony Bennychan

# അമ്മ

അമ്മയാം മനസ്സിനെ നീ വേദനിപ്പിക്കല്ലേ
അമ്മയാണ് നിൻ ജീവൻ
അമ്മ ഇല്ലാത്തൊരു ജീവിതം
നീ വല്ലാതെ മട്ടുക്കും നിനക്ക്
സങ്കടങ്ങൾ പറയാനും നിന്റെ
സങ്കടങ്ങൾ കേൾക്കാനും
നിനക്കായി ജീവിതം  നിന്റെ
അമ്മ മറ്റുവെച്ചിരിക്കുന്നു



# അച്ഛൻ......



ആദ്യാക്ഷരം കുറിച്ചു
തന്നെൽ കുഞ്ഞിളം
കൈളാൽ
കൂടെ നിന്നും
കൂടെ നടന്നും
കാണാച്ചുരലൽ ശാസിച്ചു
ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ

# ഉണ്ണിക്കുട്ടന്റെ സഞ്ചാരം


ഉണ്ണിക്കുട്ടൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയായിരുന്നു. എന്തിനെയും അറിയാനുള്ള ആകാംക്ഷ അവനിൽ ഉണ്ടായിരുന്നു. അവൻ ഒരു കലാകാരനും ഭക്ഷണപ്രിയനും പുതിയ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാൻ താല്പര്യപ്പെടുന്നവരും ആയിരുന്നു. ന്യൂയറിന് രാത്രി ഐസ്ക്രീം കഴിച്ചത് കൊണ്ടാകണം അവന് അടുത്തദിവസം ജലദോഷം പിടിച്ചു. പൊതുവേ ശ്വാസംമുട്ട് കാരനായതിനാൽ അവന് ജലദോഷത്തിനുശേഷം ശ്വാസംമുട്ട് വരുമായിരുന്നു അങ്ങനെ അടുത്ത ദിവസം അവന് ശ്വാസം മുട്ടും വന്നു. അങ്ങനെ അവൻ ആഴ്ച തന്നെ സ്കൂളിൽ പോകാൻ സാധിച്ചില്ല.



അങ്ങനെയിരിക്കെ അവന്റെ വയ്യായ്മകൾ ഒക്കെ മാറിവരുന്ന സാഹചര്യത്തിൽ ഒരു വെള്ളിയാഴ്ച അവന്റെ അമ്മയ്ക്ക് അവർ പഠിച്ചിരുന്ന കോളേജിൽ ഒരു പ്രഭാഷണം നൽകാനായി അവരുടെ എച് ഓ ഡി അവരെ അവിടേക്ക് ക്ഷണിച്ചു. അവർ പഠിച്ചിരുന്ന കോളേജ് തമിഴ്നാട്ടിലെ ട്രിച്ചിയിലായിരുന്നു.വീട്ടിൽ അച്ഛനും അമ്മയും ഉണ്ണിക്കുട്ടനും മാത്രമാണുള്ളത് അച്ഛൻ ഒരിക്കൽ അവിടെ അമ്മയും ഒത്ത് പോയിട്ടുള്ളതാണ്. ഉണ്ണിക്കുട്ടൻ പോയിട്ടില്ല, അങ്ങനെ ഇപ്രാവശ്യം ഉണ്ണിക്കുട്ടനെയും കൊണ്ടുപോകാമെന്ന് അവർ തീരുമാനമെടുത്തു. അങ്ങനെ അവർ ആ ശനിയാഴ്ച രാത്രി 1:00 മണിക്ക് തന്നെ റെയിൽവേ സ്റ്റേഷനിലേക്ക് ചെന്നു. ഒന്നരയ്ക്ക് ആയിരുന്നു അവരുടെ ട്രെയിൻ.




കുറച്ചുകഴിഞ്ഞ് തന്നെ അവരുടെ ട്രെയിൻ പ്ലാറ്റ്ഫോമിലേക്ക് വന്നു. ഒരു എസി ത്രീ ടയർ കമ്പാട്ട് മെന്റ് ആയിരുന്നു അവരുടേത്. ഉണ്ണിക്കുട്ടന്റെയും അമ്മയുടെയും സീറ്റ് ഒരേ കോച്ചിലായിരുന്നു എന്നാൽ അച്ഛന്റെ സീറ്റ് വേറെ കോച്ചിലും. അവർ ആ ട്രെയിനിൽ പ്രവേശിച്ചപ്പോൾ കുറച്ചുപേർ നേരത്തെ ആ കോച്ചിൽ തന്നെ ഉണ്ടായിരുന്നു. അവർ ഉറക്കത്തിലും ആയിരുന്നു.അങ്ങനെ അവർ കയറിയ ഉടനെ തന്നെ ഉറങ്ങി. എസി ആയതിനാൽ തന്നെ കുറച്ച് കഴിഞ്ഞപ്പോൾ ഉണ്ണിക്കുട്ടനും മൂക്കടപ്പ് വന്നു. അപ്പോൾ അവന്റെ കയ്യിൽ ഉണ്ടായിരുന്ന വിക്സിൻഹെയ്‌ലർ മൂക്കിൽ വച്ച് കിടന്നുറങ്ങി. അങ്ങനെ നേരം വെളുത്തു അപ്പോൾ നേരത്തെ ഉണ്ടായിരുന്ന യാത്രക്കാരും പല സ്റ്റേഷനിൽ ഇറങ്ങി, ബാക്കി ഉണ്ണിക്കുട്ടനും അമ്മയും മാത്രമേ ആ കൊച്ചിയിൽ ഉണ്ടായിരുന്നു. കുറച്ച് കഴിഞ്ഞതും അടുത്ത സ്റ്റേഷൻ എത്തി. അപ്പോൾ അവിടെ ആ സ്റ്റേഷനിൽ നിന്നും മൂന്നാല് ബംഗാളി ഭായിമാർ അവരുടെ കോച്ചിലേക്ക് കയറി വന്നു. അവരുടെ കയ്യിൽ മൂന്നാലഞ്ച് അരിച്ചാക്കും ഉണ്ടായിരുന്നു. അവർക്ക് ഒരു അടക്കവും അച്ചടക്കവും ഇല്ലായിരുന്നു. അമ്മയുടെ സിറ്റ് മുകളിലത്തെ സീറ്റ് ആയിരുന്നു, താഴെ രാത്രി അവരുടെ ടിക്കറ്റ് നോക്കിയ റ്റിറ്റി ആർ ഇന്റെ സീറ്റും. ആ റ്റിറ്റി ആർ അവർ ഉറങ്ങിയതിനു ശേഷം ഏതോ ഒരു സ്റ്റേഷനിൽ ഇറങ്ങിപ്പോയിരുന്നു പിന്നീട് ആ സീറ്റിൽ ആരും ഉണ്ടായിരുന്നില്ല, അതുകൊണ്ടുതന്നെ ഉണ്ണിക്കുട്ടനും അച്ഛനും റ്റിറ്റി ആറിന്റെ സീറ്റിലും അമ്മ അവരുടെ സ്വന്തം സീറ്റിലും കിടന്നു. സമയം പോകാനായി ഉണ്ണിക്കുട്ടൻ അവന്റെ ടാബിൽ കാർട്ടൂൺ കാണുകയും അച്ഛൻ എഫ് ബിയിലും അമ്മ ചെറിയൊരു മയക്കത്തിലും ആയിരുന്നു . പെട്ടെന്ന് അച്ഛൻ ഉണ്ണിക്കുട്ടൻ തമിഴ് നാട്ടിലെ ഗ്രാമത്തിലെ വീടുകളിലെ ഒരു പ്രത്യേകത ജനാലയിലൂടെ ചൂണ്ടിക്കാട്ടി. അവിടുത്തെ വീടുകളക്ക് ഓടുകൾ ഇല്ലായിരുന്നു. അതിന്റെ കാരണം അവനോടു ചോദിച്ചു. എന്നിട്ട് പറഞ്ഞു " തമിഴ് നാട്ടിൽ കേരളത്തിൽ ലഭിക്കുന്നതിനേക്കാൾ വളരെ കുറവ് മഴയാണ് ലഭിക്കുന്നത്. അതുമാത്രമല്ല മഴ പെയ്തു വെള്ളം ഭിത്തിയിലൂടെ ഒഴുകി വരുമ്പോൾ ഒരു പാട് അവിടെ പ്രത്യക്ഷപ്പെടാറുണ്ട്, അതിനെ തടയാനാണ് നമ്മൾ ഓടുകൾ വെക്കുന്നത്. ഇവിടെ മഴ കുറവായതിനാൽ ഓടിന്റെ ആവശ്യമില്ലാത്തതിനാലാണ് ഓട് ഇവിടെ ഉപയോഗിക്കാത്തത്. ഇവിടെ മഴ പെയ്യാത്തതിന് കാരണം സാഹിത്യപർവ്വതങ്ങൾ കേരളത്തിൽ നിന്നുള്ള മഴക്കാറിനെ ഇങ്ങോട്ട് കടത്തിവിടാത്തതാണെന്നാണ് "അച്ഛൻ പറയുന്നത്. ഇത് പറഞ്ഞുകൊണ്ട് ഉണ്ണിക്കുട്ടന്റെ അച്ഛൻ അവനെ അവിടെ കാട് പോലെ നിലനിന്നിരുന്ന ഒരുതരം ചെടിയെ അവന്



പരിചയപ്പെടുത്തി. അതോടൊപ്പം ആ ചെടിയുടെ ഇലയുടെ വലിപ്പം ചെറുതായിരുന്നു അതിനുള്ള കാരണമായി പറയുന്നത് അവിടെ ജലത്തിന്റെ ലഭ്യത കുറവായതുകൊണ്ട് ആ ചെടിയിൽ നിന്നും റേറ്റ് ഓഫ്കു ഇവാപ്പറേഷൻ കുറയ്ക്കാൻ ആയിട്ടാണ് അതിന്റെ സർഫസേരിയ കകുറച്ചത്. പിന്നീട് അവരുടെ ദൃഷ്ട്ടിയിൽ വിന്റ്മിൽ വരുന്നത് അപ്പോൾ അച്ഛൻ പറഞ്ഞു " അവിടെ കേരളത്തിൽ നമ്മൾ ജലസമൃധി ഉണ്ടായിട്ട് ജലത്തിൽ നിന്നും വൈദ്യുതി നിർമിക്കുന്നു എന്നാൽ ഇവിടെ ജലത്തിന്റെ അഭാവത്തിൽ അവർ

ഇവിടെയുള്ള കാറ്റവെച്ച് വൈദ്യുതി നിർമ്മിക്കുന്നു " ഇതോടെ അച്ഛന്റെ വാക്കുകൾ അവസാനിക്കുന്നു. പിന്നീട് അമ്മ രാവിലെ ഭക്ഷണത്തിനായി ഇന്നലെ രാത്രി തന്നെ ഉണ്ടാക്കി വെച്ചിരുന്ന ഇഡലിയും തക്കാളി ചട്ണിയും അച്ഛനും മകനും കൊടുത്തു.അങ്ങനെരാവിലത്തെ ഭക്ഷണം കഴിച്ചു, കുറച്ച് സമയം കഴിഞ്ഞപ്പോൾ മുകളിൽ നിന്നും അമ്മ തന്റെ കോളേജിലെ സുഹൃത്തുക്കൾക്ക് വേണ്ടി കൊടുക്കാൻ രാത്രിക്ക് തന്നെ കടുതുറപ്പിച്ച വറുത്തു കൊണ്ടുവന്ന കേരള ചിപ്സ് ഒരു പൊതി നീട്ടി. ഉണ്ണിക്കുട്ടനും അച്ഛനും അത് കഴിച്ചു തീർന്നു,പിന്നീ ട് കുറച്ച് സമയത്തിനു ശേഷം മുകളിൽ നിന്നും വീണ്ടുമൊരു പൊതി പൊട്ടറ്റോ ചിപ്സ് വന്നു അതും അച്ഛനും മോനും അമ്മയും എല്ലാവരും കഴിച്ചുതീർത്തു. പിന്നെ ഉച്ചയായി ഇന്നലെ രാത്രി ഉണ്ടാക്കി കൊണ്ടുവന്ന ചിക്കനും ചപ്പാത്തിയും ഇനിയാരും വരില്ല എന്ന് കരുതിയ റ്റിറ്റി ആറിന്റെ സീറ്റിലിരുന്ന് കഴിച്ചു കൊണ്ടിരുന്നപ്പോഴാണ് അടുത്ത റ്റിറ്റി ആർ വന്നത്. അയാൾ അവരെ വേഗം ഓടിച്ച് വിട്ടു. അവർ വേഗം നിന്നുകൊണ്ടുതന്നെ അത് കഴിച്ചു. ഉണ്ണിക്കുട്ടൻ ഒന്ന് ആസ്വദിച്ച് കഴിക്കണം എന്ന് കരുതി കഴിക്കാൻ തുടങ്ങിയതാണ്, അതങ്ങനെ വേഗം ചുരുട്ടി വായിൽ കുത്തിനിറച്ച് അവർ കൈ കഴുകി കിടന്നു. കുറച്ചുകഴിഞ്ഞ് അച്ഛൻ വന്നു അവന്റെ കാലിൽ തട്ടി വിളിച്ചു "സ്റ്റേഷൻ എത്താറായി എഴുന്നേൽക്കു" എന്ന്.ഉണ്ണിക്കുട്ടൻആദ്യമായാണ് ടിച്ചിയിൽ വരുന്നത്, വന്നിറങ്ങിയ ഉടനെ തന്നെ ആ സ്റ്റേഷനിലെ ദുർഗന്ധമാണ് അവനെ വരവേറ്റത്. പിന്നീട് അവർ ബസ്സിൽ കയറാനായി സ്റ്റേഷനിന്റെ



പുറത്തോട്ട് നടന്നു. സ്റ്റേഷനിലെ ഹോട്ടലുകളിലെ വിശേഷങ്ങൾ അവന്റെ അമ്മ വാതോരാതെ സംസാരിച്ചുകൊണ്ടിരുന്നത്. കുറച്ചുസമയത്തിനുശേഷം അവർ ബസ്റ്റോപ്പിൽ എത്തി. കുറച്ചു കഴിഞ്ഞ് ഉടനെ തന്നെ ബസ് വരികയും ബസ്സിൽ കയറി നേരെ അവരുടെ ഹോട്ടലിലേക്ക് പോവുകയും ചെയ്തു. ബസിന് മുകളിൽ വീഴാതിരിക്കാനായി പിടിയുണ്ടെങ്കിലും ഒരു ഗ്രിപ്പും ഇല്ലാത്ത ഒരു പിടി ആയിരുന്നു. അതിൽ പിടിച്ചു നിന്ന് യാത്ര ചെയ്യത് വളരെ പ്രയാസം നിറഞ്ഞൊരു കാര്യമായിരുന്നു പിന്നീട് ഉണ്ണിക്കുട്ടൻ എങ്ങനെയൊക്കെയോ നിന്ന് അവരുടെ ഹോട്ടലിൽ എത്തി. അവർ അവിടെ ചെക്കിൻ ചെയ്തു റൂമിൽ എത്തുകയും ഫ്രഷ് ആയി കുറച്ചുനേരം റസ്റ്റ് എടുക്കുകയും ചെയ്തു. അപ്പോൾ സമയം വൈകുന്നേരം നാലുമണി അടുത്തിരുന്നു. കുറച്ചു കഴിഞ്ഞതും ചായകുടിക്കാൻ ഹോട്ടലിന്റെ താഴത്ത് ഹോട്ടലുമായി ചേർന്ന് കിടക്കുന്ന ശ്രീ സംഗീത വെജിറ്റേറിയൻ ഹോട്ടലിൽ അവർ ചായ കുടിക്കാൻ കയറി ചേന്നു. പഴംപൊരി കഴിക്കണം എന്നായിരുന്നു ഉണ്ണിക്കുട്ടന്റെ ത് ചിന്ത. മെനു കൊണ്ട് ഹോട്ടലിന്റെ സ്റ്റാഫ് വന്നു. മെനുവിൻ വാഴക്കാ ബജി എന്ന് കണ്ടതേ അവൻ ഓർഡർ ചെയ്തു. കുറച്ചു കഴിഞ്ഞ് കൊണ്ടുവരുമ്പോഴാണ് അതിന്റെ കൂടെ തേങ്ങാ ചമ്മന്തി കാണുന്നു. സാധാരണ പഴംപൊരിയുടെ കൂടെ തേങ്ങാച്ചമ്മന്തി ഒന്നും കാണാത്തത് എന്നാൽ ഇവിടെ എന്തുകൊണ്ടാണ് ചമ്മന്തി കാണുന്നതെന്നും വിചാരിച്ച് അവൻ ഒന്നാലോചിച്ചു, പിന്നീടാണ് മനസ്സിലായത് അത് ഏത്തക്ക ബജ്ജിയായിരുന്ന എന്ന്. കുറച്ചുകഴിഞ്ഞതും കാപ്പിയും വന്നു അത് കുടിച്ചു കൊണ്ടിരിക്കുമ്പോൾ ആണ് ഉണ്ണിക്കുട്ടന്റെ അമ്മ ശ്രദ്ധിച്ചത് അവിടെ മെനുവിൽ ഒരു സ്പെഷ്യൽ ഐറ്റം, "ഇലയി പൊറോട്ട" എന്നൊരു വിഭവം കാണുന്നത്. അതെന്താണെന്ന് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു അത് മഷ്റൂമും പൊറോട്ടയും വെച്ച് വാഴയിലയിൽ പൊതിഞ്ഞു ഉണ്ടാക്കുന്ന ഒരു വിഭവം ആണെന്ന്. അങ്ങനെ അത് ഓർഡർ ചെയ്തു. നല്ല മണമായിരുന്നു അതോടൊപ്പം നല്ല രുചിയും ഉണ്ടായിരുന്നു.അങ്ങനെചായ കുടി കഴിഞ്ഞു റൂമിലെത്തിയപ്പോഴാണ് അമ്മയുടെ സുഹൃത്തായ മധു ആന്റി അമ്മയെ കറങ്ങാൻ പോകാം എന്ന് പറഞ്ഞ് വിളിച്ചത്. അച്ഛൻ നല്ല യാത്ര ക്ഷീണത്തിൽ ആയതിനാൽ ഉണ്ണിക്കുട്ടനും അമ്മയും ആണ് കറങ്ങാൻ പോയത്. അവർ മധു ആന്റിയെ കണ്ടു. ഉണ്ണിക്കുട്ടന് തമിഴ് അറിയില്ലെങ്കിലും സിനിമകണ്ട് പരിചയമുണ്ട്. ഉണ്ണിക്കുട്ടനും മധു ആന്റിയും ആധ്യമയാണ് കാണുന്നത് പെട്ടെന്ന് തന്നെ അവർ കൂട്ടായി.



അങ്ങനെ അവർ സംസാരിച്ചു നടന്നു. വഴിയിൽ വെച്ചവർ ബെതാം മിൽക്ക് കുടിച്ചു. പിന്നീട് അവർ അവിടത്തെ ഒരു വലിയ കടയിലേക്ക് പോയി മംഗളാൻ മംഗളഗൾ എന്ന വലിയ കടയിലേക്ക് . ഒരു ഷോപ്പിങ് മാൾ തന്നെയാണ് അത്. അവിടെ ഇല്ലാത്തതായി ഒന്നും തന്നെയില്ല. അവിടെനിന്നും അവന് മധു ആന്റി ഒരു പാർക്കറിന്റെ പേന വാങ്ങിച്ചു കൊടുത്തു അതോടൊപ്പം 'ബെസ്റ്റ് ഓഫ് ലക്ക്' കൂടി പറഞ്ഞു.

കുറച്ചുകഴിഞ്ഞതും ഉണ്ണിക്കുട്ടൻ മധുവന്റിക്ക് ഒരു പാക്കറ്റ് ഡ്രൈ ഫ്രൂട്ട്സ് വാങ്ങി നൽകി. പിന്നീട് അവർ നേരെ അവിടത്തെ അറിയപ്പെടുന്ന ഒരു റെസ്റ്റോറന്റായ ബനാന ലീഫിലേക്ക് പോയി. അവിടെ എത്തിയിട്ട് അച്ഛനെ റൂമിൽ നിന്നും അവർ അങ്ങോട്ട് വിളിച്ചു.കുറച്ചു കഴിഞ്ഞ് അച്ഛൻ വന്നു. അവർ നേരെ അകത്ത് കയറി, ഉണ്ണിക്കുട്ടൻ ചിക്കൻ ബിരിയാണിയും അച്ഛൻ മട്ടൻ ബിരിയാണിയും അമ്മ പനീർ ദോശയും മധു ആന്റി പനീർ ബട്ടർ മസാലയും നാനും ആണ് ഓർഡർ ചെയ്തത്. എല്ലാം ഒന്നിനൊന്ന മെച്ചമായിരുന്നു അതിനുശേഷം അവർ അവിടെയുണ്ടായിരുന്ന ബേക്കറിയിൽ നിന്നും സ്വീറ്റ്സ് രോന്നോരോന്ന് വാങ്ങിച്ചു കഴിച്ചു . തമിഴ്നാട്ടിലെ ബിരിയാണിയും കേരളത്തിലെ ബിരിയാണിയുമായി രണ്ടു ധ്രുവങ്ങളിലെ വ്യത്യാസം ഉണ്ട്.അങ്ങനെ അവർ തിരിച്ച് അവരുടെ റൂമിൽ വന്നു കിടന്നുറങ്ങി. രാവിലെ ആയപ്പോഴാണ് അവർ ആ കാര്യം ശ്രദ്ധിച്ചത് ബ്രഷ് എടുത്തിട്ടുണ്ട്, എന്നാൽ പേസ്റ്റ് ഇല്ല. പിന്നീട് അവർ ച്ചവിങ്കം വെച്ച് അഡ്ജസ്റ്റ് ചെയ്തു. പിന്നീട് അവർ ഭക്ഷണം കഴിക്കാനായി ഹോട്ടലിന്റെ താഴത്തുള്ള ശ്രീ സംഗീത പോയി. ഉണ്ണിക്കുട്ടൻ പൊടി ദോശയും അച്ഛൻ ഒനിയൻ ദോശയും അമ്മ പ്ലെയിൻ ദോശയും ആണ് പറഞ്ഞത്. നാട്ടിലെ ആര്യാസിലെ പൊടി ദോശ പ്രതീക്ഷിച്ചു എന്ന ഉണ്ണിക്കുട്ടൻ തികച്ചും വ്യത്യസ്തമായ ഒരു പൊടി ദോശയാണ് കിട്ടിയത് അവനെ നിരാശപ്പെടുത്തുകയും ചെയ്തു . എന്നാൽ അച്ഛന്റെ ഒനിയൻ ദോശയും അമ്മയുടെ പ്ലെയിൻ ദോശയും ഒന്നിനൊന്ന മെച്ചം ആയിരുന്നു.അവിടുത്തെ ഒരു സ്പെഷ്യൽ പച്ച ചട്നി ഉണ്ടായിരുന്നു, അത് അസാധ്യ രുചി ആയിരുന്നു. പിന്നെ അവർ അവിടെ നിന്ന് നേരെ ഇറങ്ങി തൊട്ടടുത്തുള്ള പോത്തീസിന്റെ ഹൈപ്പർമാർക്കറ്റിലേക്ക് പോയി. പേസ്റ്റ് വാങ്ങാൻ ആണ് അവർ പോയത്, അവിടുത്തെ സാരിയുടെ കളക്ഷൻ കണ്ട് കുറച്ചുനേരം അവിടെ അവരുടെ അമ്മ നിന്നു. അച്ഛൻ അവിടുത്തെ പെർഫ്യൂം സെക്ഷനിൽ നിന്നും പെർഫ്യൂം ഇപ്പൊ വാങ്ങാൻ പോകുന്നയാളെ പോലെ ടെസ്റ്റ് ചെയ്തിട്ട് ഇഷ്ടമല്ല എന്ന് പറഞ്ഞു ഓസിനു സ്പ്രേ അടിച്ചിട്ട് ഹൈപ്പർമാർട്ടിലേക്ക നടന്നു.പേസ്റ്റ്വാങ്ങിയ ഉടനെ തിരിച്ചു റൂമിലെത്തി അവർ റെഡിയായി അമ്മയുടെ പണ്ടത്തെ ഹോസ്റ്റലിലേക്ക് പോയി. അവിടെ സുഹൃത്തുക്കൾക്ക് ചിപ്സ് വിതരണം ചെയ്യുകയുംചെയ്തു. അപ്പോൾ സമയം ഒന്നിനോട് അടുത്തിരുന്നു അങ്ങനെ അവർ തിരിച്ച് പോവുകയും അവിടുന്ന് അച്ഛനും ഉണ്ണിക്കുട്ടനും ഫ്രൈഡ് റൈസും അമ്മ ന്യൂഡിൽസും വാങ്ങിച്ചു കഴിച്ചു. പിന്നീട് അവർ റൂമിൽ റസ്റ്റ് എടുക്കാമെന്ന് കരുതി നേരെ റൂമിലേക്ക് വന്ന് റസ്റ്റ് എടുത്തു.പിന്നെ വൈകുന്നേരം വരെ 7 മണിയോടെ ആയപ്പോൾ അവർ താഴത്തോട്ട് ഭക്ഷണം കഴിക്കാൻ ചെന്ന്. അമ്മ രണ്ടു സ്കൂപ്പ് വാനില ഐസ്അ ക്രീംമും അച്ഛൻ പ്ലെയിൻ ദോശയും ഉണ്ണിക്കുട്ടൻ ഒനിയൻ ദോശയും ആണ് വാങ്ങിച്ചത്. ഇപ്രാവശ്യം ഓണിയൻ ദോശ നിരാശപ്പെടുത്തി, അതിൽ നിറയെ ഒന്യനായർന്നു . അങ്ങനെ അവർ ഭക്ഷണം കഴിച്ചതിനുശേഷം തിരികെ റൂമിൽ വന്ന് റസ്റ്റ് എടുത്തു.അടുത്തദിവസം രാവിലെ ആയിരുന്നു അമ്മയുടെ പ്രഭാഷ ണംഅ തുകൊ ണ്ടത ന്നെ അമ്മ എല്ലാവ രെയും ഉണർ ത്തിയിട്ട് വേഗം



തന്നെ കോളേജിലേക്ക് പോയി, അവരോട് പതിയെ നിങ്ങൾ സമയം എടുത്തു വന്നാൽ മതിയെന്ന് പറഞ്ഞു പോയി. പിന്നീട് അവർ രാവിലത്തെ ഭക്ഷണം കഴിച്ച് കോളേജിലേക്ക് പോകാമെന്ന് കരുതിയിരുന്നപ്പോഴാണ് അമ്മയുടെ ഫോൺ 'ഞാൻ ഇപ്പോൾ അങ്ങോട്ട് വരും എനിക്കൊരു മീറ്റിംഗ് ഉണ്ട്' എന്നാണ് പറഞ്ഞത്. അങ്ങനെ അമ്മ തിരികെ വന്നു ഇപ്പോൾ മീറ്റിംഗ് വന്നിരിക്കുന്നത് ഇപ്പോൾ വർക്ക് ചെയ്യുന്ന കമ്പനിയിൽ നിന്നുമാണ് അതാണെങ്കിൽ ആരോ ഒരു കമ്പനിയിൽ ജോയിൻ ചെയ്തത് മീറ്റിംഗ്. ആ സമയത്തായിരുന്നു പ്രഭാഷണം പിന്നീട് അത് മാറ്റിച്ച് ഉച്ചക്ക് ശേഷത്തേക്ക് ആക്കിയിട്ടാണ് അമ്മ വന്നത്.മീറ്റിംഗ് കഴിഞ്ഞ ഉടനെ അമ്മ തിരികെ കോളേജിലേക്ക് പോവുകയും ഞങ്ങൾ നേരെ ഭക്ഷണം കഴിക്കാനായി ബനാന ലീഫിലേക്ക് പോവുകയും ചെയ്തു. ഇപ്രാവശ്യം ഉണ്ണിക്കുട്ടനും അച്ഛനും ചിക്കൻബിരിയാണിയാണ് പറഞ്ഞത്. ഭക്ഷണം കഴിച്ചു കഴിഞ്ഞതിനുശേഷം നേരെ അവർ രണ്ടുപേരും കോളേജിലേക്ക് പോയി. കുറച്ചു നേരം അവിടെ ഇരുന്നതിനു ശേഷം അമ്മയുടെ പ്രഭാഷണത്തിന്റെ ഊഴം. അത് കുറച്ചു നേരം നീണ്ടു നിന്നതിനു ശേഷം കഴിഞ്ഞു. അതിനുശേഷം അവർ വേഗം റൂമിൽ വരികയും പാക്ക് ചെയ്യുകയും വേഗം റെയിൽവേ സ്റ്റേഷനിലേക്ക് പോവുകയും ചെയ്തു. അവർ കേറേണ്ടിയിരുന്നത് "ഫോർട്ട്" എന്ന പേരുള്ള ഒരുനിന്നായിരുന്നു.പക്ഷേ ആ സ്റ്റേഷനിൽ ഭക്ഷണം കഴിക്കാൻ റെസ്റ്റോറന്റ് ഒന്നുമില്ലാത്തതിനാൽ അതിനുമുമ്പത്തെ സ്റ്റേഷനിൽ അവർ ചെല്ലുകയും അവിടെ നിന്നവർ ഭക്ഷണം കഴിക്കുകയും ട്രെയിനിൽ കയറുകയും ചെയ്തു അപ്പോൾ ആ കമ്പാർട്ട്മെന്റ് മുഴുവൻ മലയാളികൾ ആയിരുന്നു. കുറച്ചുകഴിഞ്ഞ് ഉടനെ തന്നെ അവിടെ റ്റിറ്റിആർ വരികയും അച്ഛന്റെയും അമ്മയുടെയും പേര് വിളിച്ചിട്ട് നേരെ പോകുകയും ചെയ്തു പക്ഷേ ഉണ്ണിക്കുട്ടന്റെ പേര് മാത്രം വിളിച്ചില്ല എന്നിട്ട് അച്ഛൻ

അയാളുടെ പുറകെ ചെന്ന് 'ഒരാളെ വിളിച്ചില്ല 'എന്ന് പറഞ്ഞപ്പോഴാണ് അയാൾ അവരുടെ ടിക്കറ്റ് ചോദിച്ചത്. അങ്ങനെ അവർ ടിക്കറ്റ് കാണിച്ചപ്പോൾ അയാൾ പറഞ്ഞു 'നിങ്ങൾ ഈ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ കയറേണ്ടവരല്ല നിങ്ങൾ അടുത്ത സ്റ്റേഷനിൽ നിന്നാണ് കേറേണ്ടത് അത് കൊണ്ട് നിങ്ങൾ 3000 രൂപയുടെ പെറ്റി അടക്കണം 'എന്ന് പറഞ്ഞു. പിന്നീട് 'കൈയിൽ കാശില്ല ഫോൺ വഴി ട്രാൻസ്ഫർ ചെയ്യാം 'എന്ന് പറഞ്ഞപ്പോൾ അയാൾ പറഞ്ഞു 'അങ്ങനെ ചെയ്യാൻ പറ്റില്ല ക്യാഷ് ആയിട്ട് തന്നെ തരണം. പിന്നീട് 'എന്തെങ്കിലും ഒക്കെ വിട്ടുവീഴ്ചകൾ ചെയ്യുമോ' എന്ന് ചോദിച്ചപ്പോഴാണ് അയാൾ പറഞ്ഞത് 'ഒരാളുടെ പൈസ വേണ്ട രണ്ടുപേരുടെ പൈസ വെച്ച് 2000 രൂപ തന്നാൽ മതി'. അപ്പോൾ പറഞ്ഞു 'കാശില്ല ഓൺലൈൻ വഴി അയച്ചു റെയിൽവേയിന് അയച്ചു കൊടുത്തോളമെന്ന് 'പറഞ്ഞപ്പോൾ 'അങ്ങനെ പറ്റില്ല എനിക്ക് തന്നെ തരണമെന്ന്' അയാൾ പറഞ്ഞു പിന്നീട് അയാൾ ആ കമ്പാർട്ട്മെന്റ് മൊത്തം '2000 രൂപ ഗൂഗിൾ പേ' എന്ന് വിളിച്ചുകൊണ്ടായിരുന്നു നടന്നത്. അവരുടെ കൊച്ചിൽ തന്നെ ഒരു റെയിൽവേയിലെ ഉദ്യോഗസ്ഥനായ റിട്ടയർ ആയ ഒരു അങ്കിൾ ഇരിപ്പുണ്ടായിരുന്നു അദ്ദേഹം ഇയാളോട് കുറെ നിയമത്തിന്റെ വകുപ്പുകൾ ഒക്കെ പറ്റി പറഞ്ഞപ്പോൾ അയാൾ നേരെ 1200 ആക്കി. പിന്നീട് കുറച്ചുകൂടെ പറഞ്ഞപ്പോൾ പിന്നീട് ആയിരം മതിയെന്ന്അ പറഞ്ഞു അയാൾ പോയി അപ്പോഴത്തേക്കും അവർ കേറേണ്ടിയിരുന്ന സ്റ്റേഷനും എത്തിയിരുന്നു. പിന്നീട് അവർ കുറെ നേരം ആ കോച്ചിലുള്ള എല്ലാവരുമായി സംസാരിച്ചു ഇരുന്ന്. എല്ലാവരും കിടക്കാറായപ്പോൾ എല്ലാവരും പലവഴിക്ക് പിരിയുകയും അങ്ങനെ അവരവരുടെ സ്റ്റേഷനിൽ എത്തുമ്പോഴും എല്ലാവരും ഇറങ്ങുകയും ഉണ്ണിക്കുട്ടനും അമ്മയും അച്ഛന്റെയും എത്തിയത് രാവിലെ 6 മണിക്കാണ് അങ്ങനെ അവരും എറണാകുളത്ത് ഇറങ്ങുകയും അവിടുന്ന് അവർ സ്ഥിരം കഴിക്കാനുള്ള ഒരു 'ഹോട്ടൽ മുഗളിൽ' കയറി അപ്പവും മുട്ട റോസ്റ്റും കഴിക്കുകയും നേരെ ബസ് പിടിച്ച് അവർ ആലപ്പുഴയിൽ വന്നിറങ്ങുകയും ചെയ്തു. ശുഭം



**ഗോവിന്ദ് പി, 9E**

# എന്റെ വിദ്യാലയം


അക്ഷര ദേവത
കളിയാടുന്നൊരെൻ
ദേവാലമേ
ഇരുളകറ്റിയ ,
എൻ - സ്വപ്നങ്ങൾക്കു പറക്കാൻ
ചിറകു വച്ചൊരദ്ധ്യപകരെ
സമ്മാനിച്ചൊരെൻ വിദ്യാലയമേ
സൗഹൃദ പൂമ്പാറ്റകളെ ,
നക്ഷത്രങ്ങളെ സമ്മാനിച്ചൊരെൻ
മിത്രാലയമേ മറക്കില്ല
നിന്നെയെൻ ജീവിത യാത്രയിൽ......




ഹരൺ ജാക്സൺ, 9 A

# മലയാള ഭാഷ

അച്ഛനമമ്മയെ ഉച്ചരിക്കാനായി
എന്നെ പഠിപ്പിച്ച ഭാഷ
മലയാള മണ്ണിന്റെ ഭാഷ
ഇത് മലയാളം മക്കളുടെ ഭാഷ
അക്ഷരമാലകൾ
കോർത്തിണക്കിക്കൊണ്ട്
അർത്ഥങ്ങൾ തൊട്ടറിഞ്ഞ ഭാഷ
കേരള നാടിന്റെ ഭാഷ
കേരം തിളങ്ങും നാടിന്റെ ഭാഷ
അറിയുക അറിയുക നാം
ഈ ഭാഷ വിജ്ഞാന ദീപം




By
Abhijith. P. M

# മഴ

വാനിൽ കാർമേഘം
നിറയുമ്പോൾ മയിലിൻ മനസ്സിൽ ആനന്ദം
മഴമേഘങ്ങൾ മഴയായി
മാറുമ്പോൾ ഭൂമിയിൽ
ആകെ കുളിർ മഴയായ്
പുതുമഴയിൽ ഭൂമി
ആകെ പുതുമണമായ്
മഴ എന്നും എൻ മനസ്സിൽ
ആനന്ദതീർത്ഥം മഴയിലൂടെ
നടക്കാൻ
കൊതിച്ചിട്ടും എൻ മനം
മഴ എന്നും സുന്ദരമാമൊരു അനുഭവം

By
Arjun J

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




2021-2024




2022-2025




2023-2026

നന്ദി........................